പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 303

# 2026-ലെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവരുടെ അവകാശ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ധിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 303

# 2026-ലെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവരുടെ അവകാശ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ധിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

242/2026.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 303

# 2026-ലെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവരുടെ അവകാശ സംരക്ഷണ ബിൽ

(ശ്രീ. ടി സിദ്ധിഖ് , എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ അക്രമകാരികളും അല്ലാത്തതുമായ വന്യജീവി ഉൾപ്പെടെയുള്ള മൃഗങ്ങൾ ജനവാസ മേഖലകളിൽ കടന്ന് മനുഷ്യ ജീവനും, സ്വത്തിനും, അപകടവും, നഷ്ടങ്ങളും ഉണ്ടാക്കുന്നത് തടയുന്നതിനും, വനമേഖലയോട് ചേർന്നുള്ള ജനവാസ മേഖലയിലെ ജനങ്ങളുടെ വ്യക്തിപരവും,സാമൂഹ്യവുമായ സംരക്ഷണം ഉറപ്പാക്കുന്നതിനും വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—ഉയർന്ന ജനസാന്ദ്രതയും വിസ്തൃത വനപ്രദേശവുമുള്ള കേരളത്തിൽ ധാരാളമാളുകൾ വനപ്രദേശത്തോട് ചേർന്ന് താമസിക്കുന്നതിനാൽ വന്യമൃഗ ആക്രമണം വർദ്ധിച്ചു വരുന്നതായും മനുഷ്യന്റെ ജീവനും സ്വത്തിനും കഷ്ടനഷ്ടങ്ങൾ ഉണ്ടാവുകയും അവന്റെ സൈ്വര്യ ജീവിതത്തെ ബാധിക്കുന്ന തരത്തിൽ ഭയവും അസ്വസ്ഥതകളും കൂടുകയും കാടിന്റെ പാരിസ്ഥിക അസന്തുലിതാവസ്ഥമൂലം വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നു വരികയും ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വാതന്ത്ര്യവും ഉറപ്പാക്കാനും, കൃഷിക്കും ജീവസന്ധാരണ മാർഗ്ഗങ്ങൾക്കും സംരക്ഷണം നൽകുന്നതിനും വന്യമൃഗ ആക്രമണത്തിൽ ഇരയാക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിനും കാടിനെ പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു.

## അദ്ധ്യായം-1

### പ്രാരംഭം

1.ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവരുടെ അവകാശ സംരക്ഷണ ആക്റ്റ് 2026 എന്ന് പേര് പറയാം.

(2)ഈ ആക്ടിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

അദ്ധ്യായം-2

2.നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ "എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(ബി) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാക്കുന്നു.

(സി) "വന്യമൃഗം" എന്നാൽ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ ഒന്നിലും രണ്ടിലും ഉൾപ്പെടുത്തിയിരിക്കുന്ന മൃഗങ്ങളോ വന്യ പ്രകൃതിയുള്ള മറ്റു മൃഗങ്ങളോ ആകാം.

(ഡി) "ജീവ സന്ധാരണ മാർഗ്ഗങ്ങൾ" എന്നാൽ അനിവാര്യമായ ആവശ്യങ്ങൾക്ക് വേണ്ടി ഒരാൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തികൾ എന്നർത്ഥമാകുന്നു.

(ഇ) "വിളകൾ" എന്നാൽ കൃഷിക്കാർ കൃഷി ചെയ്യുകയും വിളവെടുക്കുകയും സ്വന്തം ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സസ്യങ്ങളോ അതിൽ നിന്നുള്ള ഉൽപ്പന്നങ്ങളോ ആകുന്നു.

(എഫ്) "കാർഷികോൽപ്പന്നങ്ങൾ" എന്നാൽ കൃഷി ചെയ്യുകയോ വളർത്തുകയോ ചെയ്യുന്ന വൃക്ഷങ്ങളോ സസ്യങ്ങളോ മൃഗങ്ങളോ അവയിൽ നിന്നുള്ള ഉത്പന്നങ്ങളോ ആകാം.

(ജി) "നഷ്ടപരിഹാരം" എന്നാൽ ഈ ആക്ടിലെ 6(1) വകുപ്പ് പ്രകാരം നിർണയിക്കുന്ന തുക എന്നർത്ഥമാകുന്നു.

(എച്ച്) "വന്യജീവി അപകട പരിഹാരം ട്രിബ്യൂണൽ" എന്നാൽ ഈ ആക്ടിലെ 7(1) വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ട്രിബ്യൂണൽ എന്നർത്ഥമാകുന്നു.

(ഐ) "വകുപ്പ് "എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നതാകുന്നു.

(എഫ്) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 4-ാം വകുപ്പിന് കീഴിൽ രൂപീകരിക്കപ്പെട്ട ഏതെങ്കിലും തരത്തിലുള്ള ഒരു പഞ്ചായത്തോ 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 4-ാം വകുപ്പിന് കീഴിൽ രൂപീകരിക്കപ്പെട്ട ഒരു മുൻസിപ്പാലിറ്റി എന്നർത്ഥമാകുന്നു.

(ഐ) "കളക്ടർ" എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു.

(ജെ) "വനമേഖലയോട് ചേർന്ന പ്രദേശങ്ങൾ" എന്നതിൽ വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതോ പ്രഖ്യാപിച്ചിട്ടുള്ളതോ പ്രഖ്യാപിക്കപ്പെട്ടതായി കരുതപ്പെടുന്നതും ആയ ഭൂമിയുമായി അതിർത്തി പങ്കിടുകയോ അതിർത്തിയിൽ നിന്നും വിജ്ഞാപനത്തോടെ നിശ്ചിത അകലത്തിൽ സ്ഥിതി ചെയ്യുന്നതോ ആയ പ്രദേശം ഉൾപ്പെടുന്നു.

അദ്ധ്യായം-3

3. ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുക.—(1) സർക്കാർ വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ പൗരന്മാർക്കും,—

(എ) ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കണം;

(ബി) വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യജീവനവും ഉറപ്പാക്കണം;

(സി) തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യം വന്യമൃഗ ഭയത്താൽ നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ സുരക്ഷിതത്വം ഉറപ്പാക്കണം;

(ഡി) സഞ്ചാരസ്വാതന്ത്ര്യം വന്യമൃഗ കടന്നുകയറ്റം മൂലം തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പാക്കണം;

(ഇ)ജീവസന്ധാരണ മാർഗ്ഗങ്ങൾ വന്യമൃഗ ഭയത്താൽ തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ സംരക്ഷണം നൽകുക;

(എഫ്) അവരുടെ ഉപജീവനമാർഗം വീട്, മറ്റ് അഭയ സങ്കേതങ്ങൾ ഇവയുടെ മേൽ സംരക്ഷണം നൽകണം;

(ജി) അവരുടെ ജീവനോപാധിയായ കൃഷി, വിളകൾ, കാർഷികോല്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവയ്ക്കുള്ള സുരക്ഷിതത്വം നൽകണം;

(എച്ച്) വളർത്തുമൃഗങ്ങളുടെ ജീവൻ അവയുടെ പാർപ്പിടം എന്നിവയ്ക്ക് സുരക്ഷിതത്വം ഉറപ്പാക്കണം.

അദ്ധ്യായം 4

4. വന്യമൃഗ-മനുഷ്യ സംഘർഷം തടയൽ.—(1) മനുഷ്യ വന്യമൃഗ സംഘർഷം കുറയ്ക്കാൻ വനവും വനേതര പ്രദേശങ്ങളും തമ്മിലുള്ള അതിർത്തികൾ വ്യക്തമായി വേർതിരിക്കേണ്ടതാണ്.

(2) മനുഷ്യ-മൃഗ സമ്പർക്കം ഒഴിവാക്കാൻ,—

(എ)വേലി കെട്ടൽ, കിടങ്ങുകൾ നിർമ്മിക്കൽ, ഭിത്തികെട്ടൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് ;

(ബി) സാറ്റലൈറ്റ് വഴിയുള്ള വന്യമൃഗ നിരീക്ഷണം ഉറപ്പാക്കണം;

(സി) ജനവാസ മേഖലയിൽ ക്യാമറ സ്ഥാപിച്ച് നിരീക്ഷണം ഉറപ്പാക്കണം:

(ഡി) റേഡിയോ കോളറുകൾ ഉപയോഗിച്ചുള്ള മൃഗങ്ങളുടെ സഞ്ചാരം നിരീക്ഷണം നടത്തണം;

(ഇ) വനാതിർത്തിയിൽ മുളം കാടുകൾ വെച്ച് പിടിപ്പിക്കുവാൻ നേതൃത്വം നൽകേണ്ടതാണ്.

(3) മൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്ന പക്ഷം നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള അപായ മുന്നറിയിപ്പ് ജനങ്ങൾക്ക് നൽകേണ്ടതാണ്.

(4) വന്യമൃഗ ആക്രമണം ഫലപ്രദമായി ലഘൂകരിക്കാൻ ഉതകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും വികസിപ്പിക്കുക.

(5) വന്യമൃഗ ആക്രമണം ന്യായമായും കാര്യക്ഷമമായും തിരിച്ചറിയാനും തടയാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏകീകരണം ഉറപ്പാക്കുക.

(6) വന്യമൃഗ പാരിസ്ഥിതിക വിഷയങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി ക്കൊണ്ടുള്ള സമവായ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

(7) വന്യമൃഗങ്ങൾ, കൃഷിയിടം, കൃഷി വിളകൾ, കാർഷികോല്പന്നങ്ങൾ, കാർഷികോപകരണങ്ങൾ ഇവ നശിപ്പിക്കുന്നപക്ഷം കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം ഉറപ്പാക്കണം.

(8) വളർത്ത് മൃഗങ്ങൾ, അവയുടെ പാർപ്പിടം എന്നിവയ്ക്കുണ്ടാകുന്ന നഷ്ടം സർക്കാർ നൽകേണ്ടതും ഉടമകൾക്ക് മതിയായ ഉപജീവനമാർഗ്ഗം ഉറപ്പാക്കേണ്ടതുമാണ്.

## അദ്ധ്യായം 5

5. <u>വനപാരിസ്ഥിതിക സംവിധാനത്തെ പുനഃസ്ഥാപിക്കുക</u>.—വനപ്രദേശങ്ങളിലെ പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണം അതിനായി സർക്കാർ,—

(എ) ഏകവർഗ്ഗ കൃഷി ഒഴിവാക്കിക്കൊണ്ട് വനത്തിന്റെ സന്തുലിതാവസ്ഥയും പാരിസ്ഥിതിക സ്വഭാവവും പുനക്രമീകരിക്കാൻ വേണ്ട കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(ബി) ഓരോ ആവാസ വ്യവസ്ഥയിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് നിലനിൽക്കപ്പെടുന്ന മൃഗങ്ങളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കേണ്ടതാണ്.

(സി) വന്യമൃഗങ്ങളുടെ തരംതിരിച്ചുള്ള കണക്കെടുപ്പ് നടത്തുകയും കൃത്യമായ ഇടവേളകളിൽ പ്രത്യേക അവലോകനം നടത്തേണ്ടതുമാണ്.

(ഡി) വന്യമൃഗങ്ങളുടെ സഞ്ചാരപഥം അവയുടെ പലായനം ഇവ നിരന്തരം നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്.

അധ്യായം 6

6. അക്രമത്തിനിരയാകുന്നവരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുക.—(1) വന്യ-മൃഗ ആക്രമണത്തിൽ ഒരു പൗരൻ മരണപ്പെടുകയോ അയാൾക്ക് സ്ഥിര വൈകല്യം സംഭവിക്കുകയോ ചെയ്താൽ ഈ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം മരണപെട്ടവരുടെ ആശ്രിതർക്കും വൈകല്യമുണ്ടായവർക്കും സർക്കാർ നൽകേണ്ടതാണ്.

(2) ഒരാൾക്ക് വകുപ്പ് 6(1) പ്രകാരം നൽകേണ്ട നഷ്ടപരിഹാര തുക മരണപ്പെടുന്ന സംഗതിയിൽ 50 ലക്ഷമായും സ്ഥിര വൈകല്യം സംഭവിക്കുകയാണെങ്കിൽ 25 ലക്ഷം ആയും ഉറപ്പാക്കേണ്ടതാണ്.

(3) മരണപ്പെടുന്നപക്ഷം സംസ്കാര ചെലവുകൾക്കായി 10,000 രൂപ ഉടനടി സർക്കാർ കുടുംബാംഗങ്ങൾക്കായി അനുവദിക്കേണ്ടതാണ്.

(4) മരണപ്പെടുകയോ സ്ഥിരവൈകല്യം സംഭവിക്കുകയോ ചെയ്താൽ ആ വ്യക്തിയുടെ,—

(എ) കുട്ടികളുടെ വിദ്യാഭ്യാസം പൂർണമായി ഗവൺമെന്റ് സൗജന്യമായി നൽകേണ്ടതാണ്.

(ബി) കടബാധ്യത പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്.

(സി) കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകേണ്ടതാണ് .

(5) വന്യജീവി ആക്രമണത്തിൽ പാർപ്പിടം, വീട്, മറ്റ് അഭയ സങ്കേതം ഇവ നഷ്ടപ്പെടുന്നപക്ഷം ആയതിന് തത്തുല്യമായ നഷ്ടപരിഹാരം ഉറപ്പുവരുത്തണം.

(6) വന്യമൃഗ ആക്രമണത്തിൽ പരിക്കേൽക്കുന്ന വ്യക്തികൾക്കും വളർത്തു മൃഗങ്ങളുടെ ഉടമസ്ഥർക്കും നഷ്ടപരിഹാരം നൽകേണ്ടതും സർക്കാർ, സ്വകാര്യ ആശുപത്രികളിലേയും അനുബന്ധ സ്ഥാപനങ്ങളിലൂടെയുമുള്ള വൈദ്യസഹായം പൂർണമായും സർക്കാർ ഏറ്റെടുക്കേണ്ടതുമാണ്.

(7) വന്യമൃഗാക്രമണത്തിൽ ഒരു വ്യക്തി മരണപ്പെട്ടാൽ അടിയന്തര സഹായമായി 20 ലക്ഷം രൂപ കൈമാറേണ്ടതാണ്. സ്ഥിരം വൈകല്യമോ ഗുരുതര പരിക്കോ വന്നാൽ 10 ലക്ഷം രൂപ കൈമാറേണ്ടതാണ്.

അദ്ധ്യായം 7

7. <u>അന്തർ സംസ്ഥാന നിരീക്ഷണ കൗൺസിൽ രൂപീകരണം.</u>—വനങ്ങൾ സംസ്ഥാനങ്ങൾ കടന്നും വ്യാപിച്ച് കിടക്കുന്നത് മൃഗങ്ങൾ സംസ്ഥാന അതിർത്തി കടന്നും സഞ്ചരിക്കുന്നതാകയാൽ ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ വന്യമൃഗങ്ങളുടെ സഞ്ചാരം സംബന്ധിച്ചും അവയുടെ സ്വഭാവം സംബന്ധിച്ചും കൃത്യമായ ഏകോപനത്തിന് മാസത്തിൽ ഒരു തവണയെങ്കിലും ഇതിന് വേണ്ടി രൂപീകരിക്കുന്ന അന്തർ സംസ്ഥാന നിരീക്ഷണ കൗൺസിൽ യോഗം ചേരേണ്ടതാണ്.

അദ്ധ്യായം 8

8. <u>വന്യമൃഗ അപകട നഷ്ടപരിഹാരം ട്രിബ്യൂണൽ.</u>—(1) ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനം വഴി ഒന്നോ അതിൽ കൂടുതലോ വന്യമൃഗ അപകട നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരിക്കേണ്ടതാണ്. ആയതിന്റെ വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന മനുഷ്യമരണം, വൈകല്യങ്ങൾ, പരിക്ക്, സ്വത്ത് നാശം, വിളനശീകരണം, വളർത്തു മൃഗങ്ങളുടെ ജീവഹാനി, അവയുടെ അഭയകേന്ദ്രങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടം, കാർഷികോ പകരണങ്ങൾക്ക് ഉണ്ടാവുന്ന നാശനഷ്ടങ്ങൾ ഇവയെ സംബന്ധിച്ചുള്ള നഷ്ടപരിഹാരം തീർപ്പാക്കുന്നതിന്റെ അധികാര പരിധി വിജ്ഞാപനം വഴി നിജപ്പെടുത്തേണ്ടതാണ്.

(2) നഷ്ടപരിഹാര ട്രിബ്യൂണലിൽ സ്റ്റേറ്റ് ഗവൺമെന്റിന് അനുയോജ്യമെന്ന് തോന്നുന്ന പ്രകാരം ഒന്നോ അതിലധികമോ അംഗങ്ങളെ നിയമിക്കാവുന്നതും ഒന്നിൽ കൂടുതൽ അംഗങ്ങളെ നിയമിക്കുന്നപക്ഷം അതിൽ ഒരാളെ ചെയർമാനായി പ്രഖ്യാപിക്കാവുന്നതുമാണ്.

(3) ട്രിബ്യൂണലിൽ അംഗങ്ങളായി നിയമിക്കപ്പെടുന്നവർ വിരമിക്കപ്പെട്ട ജില്ലാ ജഡ്ജിയോ അല്ലെങ്കിൽ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരോ ആയിരിക്കണം.

അദ്ധ്യായം 9

9. <u>നഷ്ടപരിഹാരത്തിനായുള്ള അപേക്ഷ.</u>—(1) വകുപ്പ് 6(1) പ്രകാരം വ്യക്തമാക്കിയിട്ടുള്ള നഷ്ടപരിഹാരത്തിനായുള്ള അപേക്ഷ അപകടങ്ങൾക്ക്,—

(എ) വൈകല്യമോ പരിക്ക് പറ്റിയതോ ആയ ആൾ;

(ബി) അപകടത്തിൽ മരണം സംഭവിച്ചാൽ അല്ലെങ്കിൽ മരണപ്പെട്ടയാളുടെ അനന്തരാവകാശികൾ;

(സി) കൃഷി, പാർപ്പിടം, മറ്റ് അഭയ സങ്കേതങ്ങൾ അല്ലെങ്കിൽ വിളകൾ കാർഷികോപകരണങ്ങൾ ഇവ നശിപ്പിക്കപ്പെട്ടാൽ അവയുടെ ഉടമ;

(ഡി) വളർത്തു മൃഗങ്ങളുടെ മരണം, പരിക്ക്, അവയുടെ പാർപ്പിടം ഇവ നശിപ്പിച്ചാൽ അതിന്റെ ഉടമ;

(ഇ) ഇവരുടെ നിർദ്ദേശപ്രകാരം ഉചിതമായ പ്രതിനിധിക്കോ സമർപ്പിക്കാവുന്നതാണ്.

(2) അനന്തരാവകാശികൾ എല്ലാവർക്കും വേണ്ടി ഒരാൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതും ആരെങ്കിലും അപേക്ഷ നൽകാൻ ചേരാത്തപക്ഷം അവരെ എതിർകക്ഷിയായി ചേർത്ത് കൊണ്ട് അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

അധ്യായം 10

10. ട്രിബ്യൂണലിന്റെ അധികാരങ്ങൾ.—(1) വകുപ്പ് 8(1) പ്രകാരമുള്ള അപേക്ഷയിന്മേൽ ഒരു മാസത്തിനകം ഗവൺമെന്റിന് നോട്ടീസ് നൽകേണ്ടതാണ്.

(2) അപേക്ഷകനും ഗവൺമെന്റിനും അവരുടെ ഭാഗം കേൾക്കാൻ അവസരം നൽകുകയും അതിന്മേൽ എൻക്വയറി നടത്തേണ്ടതുമാണ്.

(3) അപേക്ഷ ലഭിച്ച് 6 മാസത്തിനകം അന്തിമ വിധി പുറപ്പെടുവിക്കേണ്ടതാണ്.

(4) ട്രിബ്യൂണലിനു യുക്തമെന്ന് തോന്നുന്നപക്ഷം ഇടക്കാല ആശ്വാസമായി അപേക്ഷകന് തുക നൽകാൻ ഉത്തരവിടാവുന്നതാണ്.

അധ്യായം 11

11. നടപടിക്രമം.—(1) എൻക്വയറി നടത്തുമ്പോൾ ട്രിബ്യൂണലിന് ആയതിനെ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരം സംഗ്രഹ നടപടിക്രമം സ്വീകരിക്കാവുന്നതാണ്.

(2) ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരവും ഉണ്ടായിരിക്കുന്നതാണ്.

(3) നഷ്ടപരിഹാരത്തുക കുടിശ്ശിക ആകുകയോ നൽകാതിരിക്കുകയോ ചെയ്യുന്ന പക്ഷം തുകയ്ക്ക് അർഹരായ ആളുടെ അപേക്ഷയിൻമേൽ ട്രിബ്യൂണലിന്, ഡിസ്ട്രിക്ട് കളക്ടറിന് സർട്ടിഫിക്കറ്റ് നൽകാവുന്നതും, ആയതിൻ പ്രകാരം കളക്ടർ ഭൂവരുമാനത്തിൽ കുടിശ്ശിക വീണ്ടെടുക്കുന്ന നടപടി പ്രകാരം തുക ഈടാക്കി നൽകേണ്ടതുമാണ്.

(4) ഇത്തരത്തിൽ നഷ്ടപരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കപ്പെട്ടാൽ വന്യമൃഗ അപകട നഷ്ടപരിഹാരത്തെ സംബന്ധിച്ച ചോദ്യങ്ങൾക്കോ അതിന്റെ അപേക്ഷയിൻമേലോ തീരുമാനമെടുക്കാൻ ഒരു സിവിൽ കോടതിക്കും അധികാരം ഉണ്ടായിരിക്കില്ല .

(5) ട്രിബ്യൂണലിന്റെ അന്തിമവിധിയിൻമേൽ 60 ദിവസത്തിനകം ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ അക്രമകാരികളായ വന്യജീവി ഉൾപ്പെടെയുള്ള മൃഗങ്ങൾ ജനവാസ മേഖലകളിൽ കടന്ന് മനുഷ്യ ജീവനും, സ്വത്തിനും അപകടവും നഷ്ടങ്ങളും ഉണ്ടാക്കുന്നത് തടയുന്നതിനും, വനമേഖലയോട് ചേർന്നുള്ള ജനവാസമേഖലയിലെ ജനങ്ങളുടെ വ്യക്തിപരവും, സാമൂഹ്യവുമായ സംരക്ഷണം ഉറപ്പാക്കുന്നതിനും, വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പാക്കുന്നതും ഉൾപ്പെടെയുള്ള ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ വരികയും പദ്ധതികളും സേവന പ്രവർത്തനങ്ങളും തുടങ്ങുകയും പരാതി പരിഹാര സംവിധാനങ്ങൾ നിലവിൽ വരുകയും ചെയ്താൽ മാത്രമേ സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് 90 ലക്ഷം രൂപ സഞ്ചിത നിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ നിയമം അനുസരിച്ച് ഉണ്ടാകുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുവാനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തോട് കൂടിയതാണ്.

ടി. സിദ്ധിഖ്, എം.എൽ.എ.